

# യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച
# (വി. മത്താ. 1:18-25)

യേശുക്രിസ്തുവിന്റെ ജനനം സംബന്ധിച്ച വിവരണങ്ങൾ വി. മത്തായിയുടേയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിലാണു കാണുന്നത്. രണ്ടിലും ഒരുപോലെ ഊന്നിപ്പറയുന്ന കാര്യമാണ് യേശുവിന്റെ ജനനം പരിശുദ്ധാത്മാവിനാൽ ആകുന്നു എന്നത് (മത്താ. 1:20, ലൂക്കോ. 1:35). പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ സൃഷ്ടികർമ്മത്തോടും (ഉല്പ. 1:2. സങ്കീ. 33:6, ഇയ്യോ. 33:4) പുനഃസൃഷ്ടി കർമ്മത്തോടും (യഹ. 37:1-44) ബന്ധിപ്പിച്ചു പറയുന്നുണ്ട്. പാഴും ശൂന്യവുമായിരുന്ന പ്രപഞ്ചത്തിന് രൂപവും ജീവനും കൈവന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടായിരുന്നു. ജീർണ്ണിച്ച് മൃതപ്രായമായ സൃഷ്ടിയെ പുതുക്കി പുനരുജ്ജീവിപ്പിക്കുന്നതും പരിശുദ്ധാത്മാവു തന്നെ. ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെ ഒരു പുനഃസൃഷ്ടികർമ്മത്തിന് തുടക്കമിടുകയാണ്. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ ജനനം തന്നെ പരിശുദ്ധാത്മാവിനാലാകുന്നു എന്ന വിശ്വാസത്തിന് പ്രസക്തിയേറുന്നു.

യേശുവിന്റെ കന്യകാജനനം പുതിയനിയമം ഊന്നിപ്പറയുന്ന ഒരു സത്യമാണ്. എന്നാൽ ഇതിനെ നിരാകരിക്കുന്ന വേദപണ്ഡിതന്മാർ ഇന്ന് ധാരാളമുണ്ട്. വാദിച്ചു ബോദ്ധ്യപ്പെടുത്താവുന്ന ഒന്നല്ല ഇത്. വിശ്വാസം അനുഭവമായും, അനുഭവം ആഴമായ വിശ്വാസമായും രൂപപ്പെട്ടു വളരുകയേ പോംവഴിയുള്ളൂ. യേശുവിന്റെ ജനനത്തിലും അതുപോലെ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇതര സംഭവങ്ങളിലുമുള്ള അസാധാരണവും അതിശയനീയവുമായ ഘടകങ്ങൾ പുറന്തള്ളുന്നതിനു പിൻപിൽ മനഃശാസ്ത്രപരമായ ഒരു പ്രശ്നം അന്തർഭവിച്ചിട്ടുണ്ട്. ഇന്ദ്രിയങ്ങളുടെയും യുക്തിയുടെയും പരിമിതികൾക്കപ്പുറം ഒരു ആദ്ധ്യാത്മികതലമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നില്ല. ആ ബോധ്യത്തിലേക്ക് വളരാനുള്ള ശിക്ഷണം സ്വീകരിക്കാൻ തയ്യാറുമല്ല. ഈ പോരായ്മ അംഗീകരിക്കുന്നതിനു പകരം ആദ്ധ്യാത്മികതലത്തിൽ ഉയർന്നു നില്ക്കുന്ന വ്യക്തികളെയും സംഭവങ്ങളെയും യുക്തിയുടെയും ഇന്ദ്രിയങ്ങളുടെയും വ്യാപാരതലത്തിലേക്ക് താഴ്ത്തി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ സാമാന്യവൽക്കരിക്കുമ്പോൾ സ്വന്തം പോരായ്മ മറച്ചുവച്ച് സ്വയം തൃപ്തിപ്പെടാൻ കഴിയും. ഇന്നത്തെ ലോകായതികമായ ഭോഗസംസ്കാരത്തിന്റെ പ്രത്യേകതയാണിത്. ഈ പ്രവണത ദൈവശാസ്ത്ര സമൂഹത്തെയും ബാധിച്ചിട്ടുണ്ടെന്നു കാണാം.

സാമാന്യബുദ്ധിക്ക് യുക്തിസഹമല്ല യേശുവിന്റെ കന്യകാജനനം. പ്രപഞ്ചത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. പ്രപഞ്ചത്തേയും അതിന്റെ നിലനില്പിനാധാരമായ നിയമത്തേയും സംവിധാനം ചെയ്തതു ദൈവമാണ്. എന്നാൽ ഈ സാധാരണ നിയമങ്ങൾക്ക് അതീതമായി ദൈവം പ്രപഞ്ചത്തിലും മനുഷ്യജീവിതത്തിലും ഇടപെടും. അത്തരം സന്ദർഭങ്ങളിൽ പ്രപഞ്ചനിയമങ്ങൾ അസാധാരണവും യുക്ത്യതീതവുമായ അത്ഭുതങ്ങൾക്ക് വഴിമാറിക്കൊടുക്കും. അങ്ങനെ അനുഭവത്തിലൂടെ ബോധ്യപ്പെട്ട സുന്ദരനിമിഷങ്ങൾ വേദപുസ്തകത്തിൽ ഉടനീളമുണ്ട്. തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ ജീവിതത്തിലും അങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് തിരിച്ചറിയാൻ കഴിയും. അനുഭവങ്ങളിലൂടെ മാത്രമേ വിശ്വാസം ഉറയ്ക്കൂ. 'ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന് - അവന്റെ ദയ എന്നേക്കുമുള്ളത്' (സങ്കീ. 136:4).

മറിയാമും യൗസേപ്പും അവർക്കും ദൈവത്തിനും മാത്രം വെളിവാകുന്ന ഒരു രഹസ്യം സൂക്ഷിച്ചിരുന്നവരാണ്. അതുമൂലം മധുരവും കൈപ്പും ഒരേസമയം അനുഭവിച്ചു മുമ്പോട്ടു പോകാനായിരുന്നു അവരെ സംബന്ധിച്ച് ദൈവനിയോഗം. തന്നിൽ ഉല്പാദിതമായിരിക്കുന്ന ശിശു പുരുഷബന്ധത്താലല്ല പരിശുദ്ധാത്മാവിനാൽ ആകുന്നു എന്ന രഹസ്യം മറിയാമിന് മധുരമായ അനുഭവമായിരുന്നു. എന്നാൽ ലോകം അവളെ അപഥസഞ്ചാരിണിയെന്ന് വിളിച്ചു പരിഹസിച്ചിട്ടുണ്ടാവണം. ലോകം അവൾക്കു നൽകിയ പ്രതിഫലമായിരുന്നു അത്. അപഥസഞ്ചാരിണിയെന്ന് ലോകം പരിഹസിച്ചവളെ പരിരക്ഷിച്ചതു മൂലമുണ്ടായ നിന്ദയുടെ കൈപ്പുനീർ യൗസേപ്പിനു കുടിക്കേണ്ടതായി വന്നു. എന്നാൽ തനിക്കുണ്ടായ ദൈവിക വെളിപാട് എത്ര മധുരമായ അനുഭവമായിരുന്നു! ലോകം നൽകിയ തിക്താനുഭവങ്ങളെ മധുരമാക്കി മാറ്റാൻ രണ്ടുപേർക്കും കഴിഞ്ഞത് അവർക്ക് ദൈവത്തോടുള്ള ആഭിമുഖ്യവും ദൈവിക രഹസ്യങ്ങളിലുള്ള പങ്കാളിത്തവും കൊണ്ടായിരുന്നു. കർത്താവിനെ ലോകത്തിനു നൽകുവാൻ അവനു സാക്ഷിയാകുവാൻ വിളിക്കപ്പെട്ട ഏതൊരാൾക്കും ഇത്തരം വൈരുദ്ധ്യം നിറഞ്ഞ, മധുരവും കൈപ്പും ഇടകലർന്ന അനുഭവങ്ങൾ ആദ്ധ്യാത്മിക ജീവിതത്തിൽ ഒഴിവാക്കാനാവില്ല.

**- ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**